**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1679** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ താലൂക്കുകളിലെ ലോക്കൽ ലവൽ മോണിറ്ററിംഗ് കമ്മിറ്റികളിൽ ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് താലൂക്ക് തലത്തിൽ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിലില്ല. ഓരോ കൃഷിഭവനുകളുടെയും പരിധിയിലാണ് ലോക്കൽ ലെവൽ മോണിറ്ററിങ് കമ്മിറ്റികൾ നിലവിലുള്ളത്. എന്നാൽ, ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് ഓഫ്‌ലൈനായും, ഓൺലൈനായും ലഭിച്ച തരം മാറ്റ അപേക്ഷകളിന്മേലുള്ള, എൽ.എൽ.എം.സി/ കൃഷി ഓഫീസറുടെ റിപ്പോർട്ടിനായി, നാളിതുവരെ 1,74,399 അപേക്ഷകൾ വിവിധ എൽ.എൽ.എം.സികളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ് . |
| (ബി) | തീർപ്പ് കല്പിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | എൽ.എൽ.എം.സികളിൽ സമർപ്പിക്കപ്പെട്ട 1,74,399 അപേക്ഷകളിൽ, ആകെ 93,455 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുള്ളതാണ്. |
| (സി) | അപേക്ഷകൾ തീർപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | തരം മാറ്റ അപേക്ഷകളുടെ ബാഹുല്യം മൂലവും, എൽ.എൽ.എം.സി. യോഗം കൃത്യമായ ഇടവേളകളിൽ ചേരുന്നതിന് സാധിക്കാതെ വരുന്ന ഘട്ടങ്ങളിലുമാണ് അപേക്ഷകൾ യഥാസമയം തീർപ്പാക്കുവാൻ സാധിക്കാത്തതിന് കാരണമായിട്ടുള്ളത്.<br><br>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, എൽ.എൽ.എം.സിയുടെ ചെയർമാൻ, തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻമാരാണ്. ഇവരുടെ കൂടി സൗകര്യം കണക്കിലെടുത്ത് എൽ.എൽ.എം.സി യോഗം കൂടുന്നതിന്റെ തീയതി നിശ്ചയിക്കേണ്ടിവരുന്നതിനാലാണ് എൽ.എൽ.എം.സി.യോഗം കൃത്യമായ ഇടവേളകളിൽ ചേരാൻ സാധിക്കാതെ വരുന്നത്.<br><br>മേൽ സാഹചര്യത്തിൽ, തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച, 30.04.2020-ലെ REV-P1/55/2020-REV |

| | | | |
|---|---|---|---|
| | | | സർക്കുലറിലെ, 3-ാം നമ്പർ വ്യവസ്ഥ പ്രകാരം, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണെന്ന്, നിർദ്ദേശം നല്കിയിട്ടുള്ളതാണ് .<br><br>കൂടാതെ, കെ.എസ്.ആർ.ഇ.സി-യുടെ റിപ്പോർട്ട് ആവശ്യമുള്ള അപേക്ഷകളിൽ ആയതു ലഭ്യമാക്കിയും, മറ്റ് അനുബന്ധ രേഖകൾ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചും, ആവശ്യമെങ്കിൽ സ്ഥല പരിശോധന നടത്തിയും, വളരെ സൂക്ഷ്മതയോടും അവധാനതയോടെയും മാത്രമേ, എൽ.എൽ.എം.സി. മുമ്പാകെയുള്ള അപേക്ഷകൾ, പരിഗണിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ഇ.സി റിപ്പോർട്ട് ലഭ്യമാകുന്നതിനുള്ള സ്വാഭാവിക കാലതാമസവും, എൽ.എൽ.എം.സി മുൻപാകെ ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന്, കാലതാമസത്തിന് ഇടയാക്കുന്നുണ്ട്.<br><br>തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി പുറപ്പെടുവിച്ച, 22.02.2022-ലെ സ.ഉ. (എം.എസ്) 56/2022/RD, 26.11.2022-ലെ സ.ഉ.(എം.എസ്) 278/2022/RD എന്നിവ പ്രകാരം, വില്ലേജ് ഓഫീസുകൾക്കു അനുവദിച്ച നൽകിയ വാഹന സൗകര്യം, എൽ.എൽ.എം.സി. കളുടെ ആവശ്യങ്ങൾക്കി കൂടി ഉപയോഗിക്കുന്നതിനും, അപ്രകാരം ടി അപേക്ഷകളിൽ വേഗം തീരുമാനവുമെടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ഡി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | തരം മാറ്റ അപേക്ഷകളുടെ ബാഹല്യം മൂലവും, എൽ.എൽ.എം.സി. യോഗം കൃത്യമായ ഇടവേളകളിൽ ചേരുന്നതിന് സാധിക്കാതെ വരുന്ന ഘട്ടങ്ങളിലുമാണ് അപേക്ഷകൾ യഥാസമയം തീർപ്പാക്കുവാൻ സാധിക്കാത്തതിന് കാരണമായിട്ടുള്ളത്.<br><br>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, എൽ.എൽ.എം.സിയുടെ ചെയർമാൻ, തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻമാരാണ്. ഇവരുടെ കൂടി സൗകര്യം കണക്കിലെടുത്ത് എൽ.എൽ.എം.സി യോഗം കൂടുന്നതിന്റെ തീയതി നിശ്ചയിക്കേണ്ടിവരുന്നതിനാലാണ് എൽ.എൽ.എം.സി.യോഗം കൃത്യമായ ഇടവേളകളിൽ ചേരാൻ സാധിക്കാതെ വരുന്നത്. |

| | | | |
|---|---|---|---|
| | | | മേൽ സാഹചര്യത്തിൽ, തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച, 30.04.2020-ലെ REV-P1/55/2020-REV സർക്കുലറിലെ, 3-ാം നമ്പർ വ്യവസ്ഥ പ്രകാരം, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണെന്ന്, നിർദ്ദേശം നല്കിയിട്ടുള്ളതാണ് .<br><br>കൂടാതെ, കെ.എസ്.ആർ.ഇ.സി-യുടെ റിപ്പോർട്ട് ആവശ്യമുള്ള അപേക്ഷകളിൽ ആയതു ലഭ്യമാക്കിയും, മറ്റ് അനുബന്ധ രേഖകൾ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചും, ആവശ്യമെങ്കിൽ സ്ഥല പരിശോധന നടത്തിയും, വളരെ സൂക്ഷ്മതയോടും അവധാനതയോടെയും മാത്രമേ, എൽ.എൽ.എം.സി. മുമ്പാകെയുള്ള അപേക്ഷകൾ, പരിഗണിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ഇ.സി റിപ്പോർട്ട് ലഭ്യമാകുന്നതിനുള്ള സ്വാഭാവിക കാലതാമസവും, എൽ.എൽ.എം.സി മുൻപാകെ ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന്, കാലതാമസത്തിന് ഇടയാക്കുന്നുണ്ട്.<br><br>തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി പുറപ്പെടുവിച്ച, 22.02.2022-ലെ സ.ഉ. (എം.എസ്) 56/2022/RD, 26.11.2022-ലെ സ.ഉ.(എം.എസ്) 278/2022/RD എന്നിവ പ്രകാരം, വില്ലേജ് ഓഫീസുകൾക്കു അനുവദിച്ച നൽകിയ വാഹന സൗകര്യം, എൽ.എൽ.എം.സി. കളുടെ ആവശ്യങ്ങൾക്കി കൂടി ഉപയോഗിക്കുന്നതിനും, അപ്രകാരം ടി അപേക്ഷകളിൽ വേഗം തീരുമാനവുമെടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. REV-P1/55/2020-REV
റവന്യൂ(പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30/04/2020

## സർക്കുലർ

വിഷയം:- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും - വകുപ്പ് 27എ, ചട്ടം (4ഡി) പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതു സംബന്ധിച്ച്

സൂചന:- 28.02.2020-ന് ബഹു. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടത്തിയ വീഡിയോ കോൺഫറൻസ്.

1. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 പ്രകാരമുള്ള പ്രാദേശികതല നിരീക്ഷണ സമിതി നാളിതുവരെ രൂപീകരിച്ചിട്ടില്ലാത്തിടത്ത്, ജില്ലാ കളക്ടർമാർ, ആയത് എത്രയും വേഗം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം ( 4 ഡി) പ്രകാരമുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി, ചട്ടം 4 ഉപചട്ടം (4 എഫ്) പ്രകാരം, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് റവന്യൂ ഡിവിഷണൽ ആഫീസർമാർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത അപേക്ഷകൾ സംബന്ധിച്ച തുടർനടപടികൾക്കായി ഡാറ്റാബാങ്കിന്റെ വിജ്ഞാപനം/തിരുത്തൽ വിജ്ഞാപനം കാത്തിരിക്കേണ്ടതില്ല.

3. 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള 'ഫാറം 5-ന്റെ തുടർച്ചയായി നൽകിയിട്ടുള്ള പ്രഫോർമ്മയിൽ 'പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് ശീർഷകത്തിൽ നല്കിയിരിക്കുന്നത്, 'കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് തിരുത്തി വായിക്കേണ്ടതാണ്. അതായത്, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

4. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുമ്പോൾ, സബ്ഡിവിഷൻ ആവശ്യമുള്ള സംഗതികളിൽ, റീസർവ്വേ പൂർത്തീകരിക്കാത്തിടത്ത്/ റീസർവ്വേ രേഖകൾ ലഭ്യമല്ലാത്തതു

മൂലം സബ്ഡിവിഷൻ റെക്കാർഡുകൾ പൂർത്തീകരിക്കുവാൻ സാധ്യമല്ലാത്തിടത്ത്, അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഭൂമിയുടെ സ്കെച്ചിൽ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന വിസ്തീർണ്ണത്തിന്റെയും ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടുന്ന പ്രദേശത്തിന്റെയും, latitude-ഉം longitude-ഉം അടയാളപ്പെടുത്തി നൽകുവാൻ അപേക്ഷകനോട് ആവശ്യപ്പെടാവുന്നതും ഇതിന്റെ കൃത്യത ബന്ധപ്പെട്ട സർവ്വേയർ/ ഹെഡ് സർവ്വേയർ ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ സ്വഭാവ വ്യതിയാനം ആവശ്യപ്പെട്ടുകൊണ്ടുള്ള നടപടിക്രമത്തിൽ ഇതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും, ടി ആവശ്യത്തിലേക്കായി വേണ്ടുന്ന G P S സേവനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായും സംശയ ദൂരീകരണത്തിനായും ജില്ലാ ആസ്ഥാനങ്ങളിലുള്ള ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വേയുടെ സഹായം ആവശ്യപ്പെടാവുന്നതുമാണ്.

5. ഡാറ്റാബാങ്ക്/കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത്, ഈ ആക്ടിന്റെ 'പ്രാരംഭ തീയതിയിൽ നികത്തപ്പെട്ട ഭൂമിയായി കിടക്കുന്നതും', കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയും പ്രാദേശികതല നിരീക്ഷണ സമിതിയുടെയും റിപ്പോർട്ട് പ്രകാരമോ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തിടത്ത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരമോ നെൽവയൽ അല്ലാത്തതുമായ ഭൂമിയെ, 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'-യായി കണക്കാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

6. 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്കനുബന്ധമായുള്ള, ഫാറം 6, ഫാറം 7-ലും വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷ കളിൻമേൽ തീരുമാനമെടുക്കുന്നതിനായി, **ആവശ്യമെങ്കിൽമാത്രം**, കൃഷി ആഫീസറോട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടാൽ മതിയാകുന്നതാണ്.

7. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതിനായും, ചട്ടം 4 ഉപചട്ടം '4ഡി' പ്രകാരമുള്ള ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായും ലഭിച്ചിട്ടുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്. ഇപ്രകാരമുള്ള 1500-ലധികം അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്ന കൊല്ലം, മൂവാറ്റുപുഴ, ഫോർട്ട് കൊച്ചി, തൃശ്ശൂർ, തിരൂർ എന്നീ റവന്യൂ ഡിവിഷണൽ ആഫീസുകളിൽ, ടി ജോലി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി, അധികമായി ഓരോ ക്ലാർക്കുമാരുടെ സേവനം കൂടി ലഭ്യമാക്കുന്നതിനായി, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8. 27(എ) വകുപ്പ് പ്രകാരമുള്ളതും, ചട്ടം 4 ഉപചട്ടം (4ഡി) പ്രകാരമുള്ളതുമായ അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന്, ജില്ലാ കളക്ടർമാർ അവലോകന യോഗം കൂടി വിലയിരുത്തേണ്ടതും, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തുന്ന റിവ്യൂ മീറ്റിഗിൽ ഹാജരാക്കേണ്ടതുമാണ്.

9. ഡാറ്റ ബാങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനായി മുൻപ് സമർപ്പിച്ചതും ഇപ്പോഴും തീർപ്പ കൽപ്പിക്കാൻ ബാക്കി നിൽക്കുന്നതുമായ അപേക്ഷകൾ അടുത്ത 45 ദിവസങ്ങൾക്കുള്ളിൽ തന്നെ തീർപ്പ കല്പിക്കേണ്ടതാണ്.

10. സർക്കാർ പുറപ്പെടുവിച്ച നമ്പർ.റവ-പി1/248/2019/റവ തീയതി 17-02-2020 പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ ഇപ്പോഴും നെൽവയൽ ആയികിടക്കുന്നതും ഡാറ്റ ബാങ്കിൽ ഉൾപെട്ടതും ആയ ഭൂമിയെ സംബന്ധിച്ചുള്ളതാണ്. 2008-ന്ന മുൻപ് നികന്ന കിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ വില്ലേജ് റെക്കോർഡുകളിൽ നിലം എന്ന് രേഖപെടുത്തിയിരിക്കുന്നതും ആയ ഭൂമി (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി) തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് പ്രസ്തുത സർക്കുലർ ഒരു തരത്തിലും ബാധകമാകുന്നതല്ല. എന്നാൽ അപ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് തരം മാറ്റി നൽകുന്നതിന് പ്രസ്തുത സർക്കുലറിന്റെ പേര് പറഞ്ഞ് തടസ്സവാദം ഉന്നയിക്കുന്നതായി പരാതികൾ ഉണ്ടായിട്ടുള്ളതാണ്. ആയതിനാൽ അപ്രകാരം തടസ്സവാദങ്ങൾ ഉന്നയിക്കുന്നത് കൃത്യവിലോപമായി കണക്കാക്കി കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബെന്സി.ജെ
അഡിഷണൽ സെക്രട്ടറി

1) കമ്മീഷണർ, ലാൻഡ് റവന്യൂ

2) ജില്ലാ കളക്ടർമാർ

5) റവന്യൂ ഡിവിഷണൽ ഓഫീസർമാർ

6) തദ്ദേശസ്വയംഭരണ വകുപ്പ്

8) കൃഷി വകുപ്പ്

9) നിയമ വകുപ്പ്

10) വിവരവും, പൊതുജന സമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചാരണത്തിന്)

11) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

3. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

---

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kadeeja A A**
**Date: 22-02-2022 15:36:46**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.**278/2022/RD** തീയതി,തിരുവനന്തപുരം, **26-11-2022**

---

പരാമർശം:-
1. **22.02.2022**-ലെ സ.ഉ.(കൈ)നം. **56/2022/RD** സർക്കാർ ഉത്തരവ് .
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ **17.10.2022**-ലെ **LR/3045/2022-LR(R1)** നം. കത്ത് .

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് **27** റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം **(1)** പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** പരാമർശം **(1)**-ലെ ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ, തരം മാറ്റവുമായി ബന്ധപ്പെട്ട് ആകെ **212169** അപേക്ഷകൾ തീർപ്പാക്കാനായി ശേഷിച്ചിരുന്നു. ടി അപേക്ഷകളിൽ, **14.11.2022** വരെ **194912 (91.87%)** ഓഫ് ലൈൻ അപേക്ഷകളും, **11250** ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ സാധിച്ചു. നിലവിൽ **17257** ഓഫ് ലൈൻ അപേക്ഷകളും **151921** ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. ഇപ്രകാരം തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകൾ കൂടി തീർപ്പാക്കുന്നതോടെ, **300** കോടിയോളം രൂപ സർക്കാർ ഖജനാവിലേക്ക് അധികമായി എത്തിച്ചേരുന്നതാണെന്നും, ആയതിനാൽ, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, പരാമർശം **(1)** പ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി, **6** മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കണമെന്നും, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം **(2)** പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

**3 .** ടി ആവശ്യത്തിലേക്കായി പുതിയതായി നിയമനം നടത്തുന്ന പക്ഷം, വീണ്ടും പരിശീലനം നൽകി പുതിയ ആളുകളെ നിയമിക്കുന്നത് ശ്രമകരവും സമയ നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. ആയതിനാൽ, സ്പെഷ്യൽ ഡ്രൈവ് തുടരുന്നതിനായി, നിയമ/ ചട്ടങ്ങൾ സംബന്ധിച്ചും മറ്റ് സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ചും പരിശീലനം

നൽ കി നിയമിച്ചിട്ടുള്ളവരെ, നിലവിലെ 179 ദിവസത്തെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഹ്രസ്വ കാലത്തേക്ക് വിടുതൽ ചെയ്ത ശേഷം പുനർനിയമിച്ചു കൊണ്ട്, ടിയാളുകളുടെ സേവനം, ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയാൽ തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നത് തടസ്സം കൂടാതെ നടപ്പിലാക്കുവാൻ കഴിയും എന്ന് വിലയിരുത്തുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പൊതു താല്പര്യം പരിഗണിച്ച്, കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽദൗത്യത്തിനായി, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർഉത്തരവിന്റെ അടിസ്ഥാനത്തിൽനിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട്, പുനർനിയമിച്ച് ചുവടെ പറയുന്ന നിബന്ധനകളോടെ ഉത്തരവാകുന്നു.

A) ജൂനിയർസൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണ്.

B) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക് 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ക്രമത്തിൽ നിയമിക്കണം

C) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക് , 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

D) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കൽ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

E) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ ക്രമത്തിൽ നിയമിക്കണം

F) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്കിനെ നിയമിക്കണം.

G) 1000- ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

H) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക 35,000/- രൂപ )

I) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് 10 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (15-11-2022-ലെ E-2242858/EXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് ഇനം( )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A& E) , കേരള , തിരുവനന്തപുരം
ഐ & പി.ആർ.ഡി വകുപ്പ് (വിപുലമായ പ്രചാരണത്തിന്)

സ.ഉ.(കൈ) നം.278/2022/RD

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sujith G R
Date: 26-11-2022 15:51:03
സെക്ഷൻ ഓഫീസർ